**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2014** **29-09-2025 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം ജില്ലയിലെ സാംസ്കാരിക വകുപ്പ് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് സാംസ്കാരിക വകുപ്പ് തിരുവനന്തപുരം ജില്ലയിൽ നടപ്പാക്കിയ പദ്ധതികളെന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (എ) | ഈ സർക്കാരിന്റെ കാലത്ത് സാംസ്കാരിക വകുപ്പ് തിരുവനന്തപുരം ജില്ലയിൽ നടപ്പാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>**1.ഗ്രാമീണ കലാകേന്ദ്രം പദ്ധതി.**<br><br>ഗ്രാമീണ കലാകാരന്മാരുടേയും കരകൗശല വിദഗ്ധരുടേയും നൈപുണ്യം ശക്തിപ്പെടുത്തുക, കേരളത്തിന്റെ ഗ്രാമീണ കരകൗശല പൈതൃകത്തെ സംരക്ഷിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ സാംസ്കാരിക വകുപ്പ് നടപ്പിലാക്കി വരുന്ന ഗ്രാമീണ കലാകേന്ദ്രം പദ്ധതി പ്രകാരം ഈ സർക്കാരിന്റെ കാലത്ത് തിരുവനന്തപുരം ജില്ലയിൽ ആകെ 10 സ്വയം സഹായ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചു വരുന്നു.<br><br>**2.തിരുവനന്തപുരം അയ്യൻകാളി സാംസ്കാരിക സമുച്ചയം**<br><br>ഈ സർക്കാരിന്റെ കാലത്തു സാംസ്കാരിക വകുപ്പിന്റെ സമുച്ചയ നിർമ്മാണ പദ്ധതിയിലുൾപ്പെട്ടു വരുന്ന തിരുവനന്തപുരം അയ്യൻകാളി സാംസ്കാരിക സമുച്ചയ നിർമ്മാണത്തിനായി 07.07.25-ലെ സ.ഉ(കൈ) നം206/25/RD പ്രകാരം തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ ചെറുവയ്ക്കൽ വില്ലേജിൽ ബ്ലോക്ക് 20ൽ റീസർവ്വേ നം 664ൽ പെട്ട 58.68 ആർ ഭൂമിയുടെ ഉപയോഗാനുമതി ലഭിച്ചിട്ടുണ്ട്.<br><br>**3. ആയിരം യുവകലാകാന്മാർക്കുള്ള വജ്ര ജൂബിലി ഫെല്ലോഷിപ്പ് പദ്ധതി.**<br><br>വകുപ്പിന്റെ പ്രധാന പദ്ധതിയായ ആയിരം യുവകലാകാരന്മാർക്കുള്ള വജ്രജൂബിലി ഫെല്ലോഷിപ്പ് പദ്ധതിയുടെ രണ്ടും മൂന്നും ഘട്ടങ്ങൾ ഈ സർക്കാരിന്റെ കാലത്താണ് നടപ്പിലാക്കിയത്. രണ്ടാം |

ഘട്ടത്തിൽ തിരുവനന്തപുരം ജില്ലയിൽ 16 ക്ലസ്റ്ററുകളിലായി 108 കലാകാരൻമാരെ വിന്യസിച്ചിരുന്നു. മൂന്നാം ഘട്ടത്തിൽ നിലവിൽ 16 ക്ലസ്റ്ററുകളിലായി 71 കലാകാരൻമാരെ പദ്ധതിയുടെ ഭാഗമായി വിന്യസിച്ചിട്ടുണ്ട്.

**<u>4.സ്മാരകങ്ങൾ</u>**

ഈ സർക്കാരിന്റെ കാലത്ത് പ്രേം നസീർ സാംസ്കാരിക സമുച്ചയം, പൂവച്ചൽ ഖാദർ സ്മാരക പാർക്ക്, ചട്ടമ്പി സ്വാമികളുടെ മാതൃഭവനം സ്മാരകമാക്കൽ, ജെ സി ഡാനിയേൽ സ്മാരകം, ലെനിൻ രാജേന്ദ്രൻ സ്മാരകം എന്നീ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ നെയ്യാറ്റിൻകര മണ്ഡലത്തിൽ വിഖ്യാത സംവിധായകൻ ജെ സി ഡാനിയേൽ സ്മാരകത്തിന് രണ്ട് ഘട്ടങ്ങളിലായി 25 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

**<u>5. ശിവഗിരി പ്ലാറ്റിനം ജൂബിലി മെമ്മോറിയൽ കൺവെൻഷൻ സെന്ററിന്റെ നിർമ്മാണം.</u>**

ശിവഗിരി തീർത്ഥാടന പ്ലാറ്റിനം ജൂബിലി മെമ്മോറിയൽ കൺവെൻഷൻ സെന്റർ നിർമ്മാണത്തിനായി 5 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ടി തുകയിൽ നിന്നും 12/03/2024-ലെ സ.ഉ.(സാധാ)നം. 137/2024/ സാം.കാ.വ പ്രകാരം 1 കോടി രൂപ അനുവദിച്ചിട്ടുമുണ്ട്.

6.**<u>അരുവിപ്പുറം ക്ഷേത്രത്തിന്റെ ഉടമസ്ഥതയിൽ സാംസ്കാരിക കേന്ദ്രനിർമ്മാണം.</u>**

തിരുവനന്തപുരം ജില്ലയിൽ അരുവിപ്പുറം ക്ഷേത്രത്തിന്റെ ഉടമസ്ഥതയിൽ സാംസ്കാരിക കേന്ദ്രം നിർമ്മിയ്ക്കുന്നതിന് 2021- 22 സാമ്പത്തിക വർഷം 50 ലക്ഷം രൂപ അനുവദിച്ചിരുന്നു.

**<u>7. സാംസ്കാരിക വകുപ്പിന്റെ ആസ്ഥാന മന്ദിര നിർമ്മാണം.</u>**

23.06.24ലെ സ.ഉ(കൈ) 108/2024/ആർ.ഡി പ്രകാരം സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയത്തിനും മറ്റ് സാംസ്കാരിക സ്ഥാപനങ്ങൾക്കും ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിന് തിരുവനന്തപുരം താലൂക്കിൽ കവടിയാർ വില്ലേജിൽ സർവ്വേ നം 2243 ൽ പ്പെട്ട 45.367 സെന്റ് സ്ഥലത്തിന്റെ ഉപയോഗാനുമതി ലഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ